# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 23/ 06/ 2018

## ‘കൊലപാതകം ചെയ്ത് വർഷങ്ങളായി മുങ്ങി നടന്ന പ്രതി പോലീസ് പിടിയിൽ’

കൊല്ലം : കൊലപാതകം ചെയ്തതിന് ശേഷം ദീർഘനാളായി പോലീസിനെ വെട്ടിച്ച് മുങ്ങി നടന്ന പ്രതിയെ പിടികൂടി. കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ 2012 ൽ മതിലിൽ സ്വദേശിയായ രാജേന്ദ്രൻ പിള്ളയെ കൊലപ്പെടുത്തിയതിന് ശേഷം മുങ്ങി നടന്ന കൊട്ടാരക്കര ചക്കുവരയ്ക്കൽ സ്വദേശിയായ രവീന്ദ്രൻപിള്ളയെയാണ് നിഴൽ പോലീസിന്റെ സഹായത്തോടെയാണ് പിടികൂടിയത്. ഇയാളെ പിടികിട്ടാ പുള്ളിയായി കോടതി പ്രഖ്യാപിച്ച് വാറണ്ട് ഉത്തരവായിട്ടുള്ളതാണ്. കൊലപാതകത്തിന് ശേഷം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള വിവിധ ബാറുകളിൽ പല പേരുകളിൽ ജോലി നോക്കി വരുകയായിരുന്നു പ്രതി. ജില്ലയിൽ പിടിക്കപ്പെടാതെ മുങ്ങി നടക്കുന്ന പ്രതികളെ പിടികൂടുന്നതിന് വേണ്ടി ജില്ലാ പോലീസ് മേധാവിയുടെ പ്രത്യേക നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി. എസ്സ്. ഷിഹാബുദ്ദീന്റെ നേതൃത്വത്തിൽ പോലീസിന്റെ പ്രത്യേക സംഘം നടത്തിയ നിരീക്ഷണങ്ങൾക്കൊടുവിലാണ് പ്രതി വലയിലായത്. പ്രതിയെ പിടികൂടിയ സംഘത്തിൽ സ്പെഷ്യൽ ബ്രാഞ്ച് എ.സി.പിക്ക് പുറമേ സ്പെഷ്യൽ ബ്രാഞ്ച് എസ്സ്. ഐ വിപിൻകുമാർ ആന്റി നർക്കോട്ടിക്ക് സ്പെഷ്യൽ ഫോഴ്സ് ടീമംഗങ്ങളായ ബൈജു ജെറോം, ഹരിലാൽ, സുനിൽ, മനു, സജു, മണികണ്ഠൻ, സീനു, ശ്രീജു തുടങ്ങിയവർ ഉണ്ടായിരുന്നു.

